# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2185

17.02.2016-ൽ
മറുപടിയ്ക്ക്

## മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക്

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിന്റെ പ്രോജക്ട് അടങ്കൽ തുക എത്രയാണ് എന്നറിയിക്കുമോ; | എ) | മട്ടന്നൂർ വ്യവസായ പാർക്കിനു വേണ്ടി വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. ഇത് പൂർത്തിയാകുന്ന മുറക്ക് മാത്രമെ അടങ്കൽ തുകയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകു. |
| ബി) | ഇതിനോടകം പ്രോജക്ടിനായി എത്ര തുക അനുവദിക്കുകയുണ്ടായെന്നും ചെലവഴിക്കുകയുണ്ടായെന്നും അറിയിക്കുമോ ; | ബി) | സർക്കാർ ഉത്തരവ് (സാധാ) നം. 719/2014/വ്യവ, തീയതി 28.06.2014 പ്രകാരം വെള്ളിയാംപറമ്പ് (മട്ടന്നൂർ) കിൻഫ്ര വ്യവസായ പാർക്കിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പ്രസ്തുത 5 കോടി രൂപയിൽ നിന്നും ജി.ഒ (ആർ.ടി) നം. 935/2015/വ്യവ, തീയതി 9.9.2015 പ്രകാരം 1 കോടി രൂപയും ജി.ഒ (ആർ.ടി) നം. 142/2016/വ്യവ, തീയതി 8.2.2016 പ്രകാരം 1 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ 1.40 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. |
| സി) | മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | സി) | പാർക്കിന്റെ ചുറ്റുമതിൽ ഗേറ്റ് ഹൗസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| ഡി) | ഗതാഗതമാർഗം, ജലവിതരണം, വൈദ്യുതിവിതരണം അടക്കമുള്ള പശ്ചാത്തല സൗകര്യ ലഭ്യതയ്ക്ക് ഇതിനോടകം കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ? | ഡി) | അടിസ്ഥാന സൗകര്യങ്ങളായ ജലവിതരണം, വൈദ്യുതി എന്നിവയ്ക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാനുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറക്ക് ഇവ രണ്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**